പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

30/10/2019 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 869

## മൺപാത്രവ്യവസായം പരമ്പരാഗത തൊഴിലാക്കിയവരുടെ ക്ഷേമത്തിനായി പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ. എ. കെ. ബാലൻ (പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ലക്ഷത്തിലധികം വരുന്ന മൺപാത്രവ്യവസായം പരമ്പരാഗത തൊഴിലാക്കിയവരുടെ ക്ഷേമത്തിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? വിശദവിവരം ലഭ്യമാക്കമോ? | (എ) | ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യവകുപ്പ് മന്ത്രിയുടെ ബജറ്റ് പ്രസംഗ പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണത്തിലേർപ്പെട്ടുന്നവർ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനത്തിനായി 'കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആദ്യമായി തെരഞ്ഞെടുത്തത് തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയാണ്. ആയതിലേക്ക് ഒരു കോടി രൂപ അനുവദിച്ചിരുന്നു. 'എംപ്ലോയബിലിറ്റി എൻഹാൻസ്മെൻറ് പ്രോഗ്രാം' എന്ന പദ്ധതിയിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളിവർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം എന്ന ഘടകത്തിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കും ഉപയോഗപ്രദമാണ്. |
| (ബി) | കുംഭാരന്മാരുടെ ക്ഷേമത്തിനും വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനത്തിനുമായി കൂടുതൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | കുംഭാരന്മാരുടെ ക്ഷേമത്തിനും വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനത്തിനുമായി 'കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപറേഷൻ ' രൂപീകരിച്ചിട്ടുണ്ട് .ടി കോർപറേഷൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ് . |

Bindu T.

സെക്ഷൻ ഓഫീസർ